**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1551** **19-09-2025 - ൽ മറുപടിയ്ക്ക്**

**തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് മുൻ സർക്കാർ റിട്ടയർമെന്റ് ആനുകൂല്യമായി 1.5 ലക്ഷം രൂപ വരെ നൽകാൻ തീരുമാനിച്ചിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ ഇത് നിലവിൽ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നൽകാൻ നടപടികൾ സ്വീകരിക്കാമോ; | (എ) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ 2020 ജൂൺ മാസം നിലവിൽ വന്ന ഭേദഗതിയിലൂടെ, തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്ന ഒരാൾ അംശദായമായി അടച്ചിട്ടുള്ള തുകയും അംശദായം അടച്ച തീയതികളും കണക്കിലെടുത്ത് അതിന് 5.5% പലിശയും ചേർത്ത തുക റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന തുക പരമാവധി 1,50,000/- രൂപയായിരിക്കും എന്ന നിബന്ധനയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ, 2007 ഡിസംബർ വരെ പ്രതിമാസം 10/- രൂപ എന്ന നിരക്കിലും 2020 മാർച്ച് വരെ പ്രതിമാസം 20/- രൂപ എന്ന നിരക്കിലും അംശദായം അടച്ചിരുന്ന തൊഴിലാളികൾക്ക് 2020-ലെ പദ്ധതി ഭേദഗതി പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം കണക്കാക്കുന്നതിൽ ചില അപാകതകളുള്ളതായി കണ്ടതിനെ തുടർന്ന്, അത് പരിഹരിക്കുന്നതിനായി 2020-ലെ പദ്ധതി ഭേദഗതി പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം കണക്കാക്കുമ്പോൾ നഷ്ടമുണ്ടാകുന്ന പക്ഷം, 2000-ലെ പദ്ധതി പ്രകാരമുള്ള തുക ഉറപ്പുവരുത്തുന്നതിനായി, പൂർത്തിയാക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റ് ആനുകൂല്യമായി നൽകേണ്ട തുക സംബന്ധിച്ച ഒരു പട്ടിക കൂടി ഉൾപ്പെടുത്തി 26/06/2020 മുതൽ മുൻകാല പ്രാബല്യത്തോടെ 2024 ജൂൺ മാസം പദ്ധതി വീണ്ടും ഭേദഗതി ചെയ്തിട്ടുണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി ഖണ്ഡിക 28എ -യിലെ വ്യവസ്ഥ പ്രകാരമുള്ള റിട്ടയർമെന്റ് ആനുകൂല്യം ബോർഡിൽ നിന്നും നിലവിൽ വിതരണം ചെയ്തുവരുന്നുണ്ട്. |
| (ബി) | തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് അഞ്ചു വർഷമായി പ്രസവ | (ബി) | അല്ല. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരമുള്ള പ്രസവ ധനസഹായമായ 2,000/- |

| | | | |
|---|---|---|---|
| | ധനസഹായം നൽകുന്നില്ല എന്നത് വസ്തുതയാണോ; | | രൂപയും അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി പ്രകാരമുള്ള സർക്കാർ വിഹിതമായ 13,000/- രൂപയും ചേർത്ത് ആകെ 15,000/- രൂപ തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമായവർക്ക് പ്രസവ ധനസഹായമായി നൽകിവരുന്നു. 2025 ജൂലൈ മാസം വരെയുള്ള അർഹരായ അപേക്ഷകർക്ക് ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 2,000/- രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. 2022 മുതൽ 2023 ഡിസംബർ 31 വരെയുള്ള അപേക്ഷകരിൽ സർക്കാർവിഹിതം ലഭ്യമാകാനുള്ളവർക്ക് ജില്ലാടിസ്ഥാനത്തിൽ സീനിയോരിറ്റി അനുസരിച്ച് ആനുകൂല്യം വിതരണം നടത്തിവരുന്നുണ്ട്. പ്രസ്തുത കാലയളവിലെ ഏകദേശം 2450 അപേക്ഷകർക്കും 2024 മുതൽ നാളിതുവരെയുള്ള 2813 അപേക്ഷകർക്കും സർക്കാർ വിഹിതമായ 13,000/- രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. |
| (സി) | ക്ഷേമനിധിയിൽ അംഗമായ തയ്യൽ തൊഴിലാളികൾക്ക് സർവീസ് പെൻഷൻ നൽകുമെന്ന വാഗ്ദാനം നാളിതുവരെ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നൽകാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി ഖണ്ഡിക 27എ(6) പ്രകാരം, 3 വർഷം മുതൽ 9 വർഷം വരെ സർവ്വീസ് ഉള്ളവർക്ക് സർക്കാർ തീരുമാനിക്കുന്ന മിനിമം പെൻഷനും തുടർന്നുള്ള ഓരോ വർഷത്തെയും സർവ്വീസിന് 20/- രൂപ വീതം വർദ്ധനവ് വരുത്തിയും നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ലാത്തതിനാൽ, സർക്കാർ ധനസഹായം ഉപയോഗിച്ചാണ് സർവ്വീസ് കാലയളവ് കണക്കാക്കാതെ എല്ലാ പെൻഷൻകാർക്കും പ്രതിമാസം 1,600/- രൂപ എന്ന നിരക്കിൽ നിലവിൽ പെൻഷൻ വിതരണം നടത്തിവരുന്നത്. അതിനാൽ, പദ്ധതി വ്യവസ്ഥ പ്രകാരം സർവ്വീസ് കാലയളവ് അനുസരിച്ച് വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ വിതരണം നടപ്പിൽ വരുത്തുവാൻ ബോർഡിന് സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ